**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.3041

15/12/2015 ൽ
മറുപടിയ്ക്ക്

## വനാതിർത്തി ജില്ലകളിലെ പട്ടയ നടപടികൾ

ചോദ്യം
ശ്രീ.പി.കെ. ബഷീർ

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) വനവുമായി അതിർത്തി പങ്കിടുന്ന വിവിധ ജില്ലകളിൽ വനം- റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയ പ്രദേശങ്ങളിലെ പട്ടയ നടപടികൾ പൂർത്തിയാക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(എ) ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചതും കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചതുമായ എല്ലാ പ്രദേശങ്ങളിലും പട്ടയം നൽകുന്ന തിനുളള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

(ബി) വനവുമായി അതിർത്തി പങ്കിടുന്ന ജില്ലകളിലെ ഏതെല്ലാം പ്രദേശങ്ങളിൽ, കോടതി കേസുകൾ നിലനിൽക്കുന്നതിനാൽ പട്ടയനടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) കൊല്ലം ജില്ലയിലെ വനഭൂമിയുമായി ബന്ധപ്പെട്ട് ഒരു കേസിൽ കൊട്ടാരക്കര മുൻസിഫ് കോടതിയിൽ(ഒ.എസ് 524/92) കേസ് നിലനിൽക്കുന്നതിനാൽ തുടർ നടപടികൾ സ്വീകരിയ്ക്കാൻ സാധിച്ചിട്ടില്ല.

ഇടുക്കി ജില്ലയിലെ മാങ്കുളം വില്ലേജിൽ കോടതി നിർദ്ദേശ പ്രകാരമുളള അതിരു തിരിയ്ക്കൽ നടന്നു വരുന്നതിനാൽ പട്ടയ നടപടിയ്ക്കു താമസം നേരിടുന്നുണ്ട്.

കോട്ടയം ജില്ലയും പത്തനംതിട്ട ജില്ലയും ഉൾപ്പെടുന്ന ആലപ്ര, വലിയകാവ്, കരിക്കാട്ടൂർ റിസർവ്വ് വനപ്രദേശങ്ങളിലെ ഭൂമിയുടെ അവകാശം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ എം.എസ്.എ 1/81 കേസുള്ളതിനാൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ മണിമല വില്ലേജിൽ ഉൾപ്പെട്ട ആലപ്ര പ്രദേശത്തെ പട്ടയം നൽകുന്ന നടപടി തടസ്സപ്പെട്ടിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ 10 കേസുകളിൽ കോടതി വ്യവഹാരമുളളതിനാൽ തടസ്സം നേരിട്ടു.

| | |
|---|---|
| | വയനാട് ജില്ലയിലെ മേപ്പാടി റേഞ്ചിന്റെ പരിധിയിൽപ്പെടുന്നതും കോട്ടപ്പടി വില്ലേജിൽ വരുന്നതുമായ മേപ്പാടിക്കുന്ന് പ്രദേശത്തെ സുമാർ 2 ഏക്കർ സ്ഥലത്ത് കോടതി കേസുള്ളതിനാൽ സംയുക്ത പരിശോധന പൂർത്തീകരിയ്ക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) രജിസ്റ്റർ ചെയ്തിട്ട് 100 വർഷത്തിലധികമായ ആധാരം മുഖേന ഭൂമി കൈവശം വച്ചിട്ടുള്ളതും നിലവിൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ സ്ഥലങ്ങൾ ഏതൊക്കെ ജില്ലയിൽ ഉണ്ടെന്ന് താലൂക്ക് - വില്ലേജ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; പ്രസ്തുത വ്യക്തികൾക്ക് പട്ടയം നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ